# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/14/2020-EB(1)

തിരുവനന്തപുരം, തീയതി, 30.11.2020
website: www.cooperation.kerala.gov.in
e-mail: keralarcs.coop@kerala.gov.in

വിഷയം:- സഹകരണ വകുപ്പ് - ജീവനക്കാര്യം - 30.11.2020 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്ന സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാർ വഹിച്ചുവരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനുള്ള നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:- -

..........

സഹകരണ വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ചുവടെ പറയുന്ന ഉദ്യോഗസ്ഥർ 30.11.2020-ന് സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. ടി ഉദ്യോഗസ്ഥരെ 30.11.2020 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് അനുവദിച്ചുകൊണ്ടും ടി ഉദ്യോഗസ്ഥർ വഹിച്ചുവരുന്ന തസ്തികയുടെ ചുമതല ടിയാളുകളുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന ആഫീസർക്ക് കൈമാറുന്നതിന് നിർദ്ദേശം നൽകികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റി നൽകേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | ശ്രീ. ഒ.എസ്.ഗോപിനാഥൻ, അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), ആഫീസ്, വയനാട്. | അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി) ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, വയനാട്. |
| 2 | ശ്രീ.ജി.മുരളീധരൻ പിള്ള, അസിസ്റ്റന്റ് രജിസ്ട്രാർ/ലെക്ചറർ, വികസന പരിശീലന കേന്ദ്രം, കൊട്ടാരക്കര, കൊല്ലം. | പ്രിൻസിപ്പൽ, വികസന പരിശീലന കേന്ദ്രം കൊട്ടാരക്കരയുടെ നിർദ്ദേശാനുസരണം ചുമതല കൈമാറേണ്ടതാണ്. |

ഈ ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ഉദ്യോഗസ്ഥൻ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ ചുമതല അധിക ചുമതലയായി വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയതിന്റെയും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് കൃത്യമായി അയയ്ക്കേണ്ടതാണ്.

(ഒപ്പ്),
ഡി.കൃഷ്ണകുമാർ
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)
പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം,
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്,
4) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം,
5) ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്ക്,
6) ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക്,
7) ബന്ധപ്പെട്ടജില്ലാ ട്രഷറി ആഫീസർമാർക്ക്,
8) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ)